# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


പി.ആർ.ഒ./39/238/2018 2018 നവംബർ 8

## എം.ജി. വാർത്താക്കുറിപ്പ്

---

### പ്രൈവറ്റ് രജിസ്ട്രേഷൻ: ബി.എ./ബി.കോം. പരീക്ഷകൾ 14 മുതൽ

ഒന്നും രണ്ടും സെമസ്റ്റർ ബി.എ./ബി.കോം. പ്രൈവറ്റ് രജിസ്ട്രേഷൻ (2017 അഡ്മിഷൻ സി.ബി.സി.എസ്. റഗുലർ/2017ന് മുമ്പുള്ള അഡ്മിഷൻ സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 14ന് ആരംഭിക്കും. പരീക്ഷാകേന്ദ്രങ്ങൾ ഹാൾടിക്കറ്റ് വിതരണം എന്നിവയുടെ വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.mgu.ac.in) ലഭിക്കും.

### തീയതി നീട്ടി

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2016 അഡ്മിഷൻ റഗുലർ/2013 - 2015 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകളുടെ ഇന്റേണൽ മാർക്കുകൾ അപ്‌ലോഡ് ചെയ്യുന്നതിനുള്ള തീയതി നവംബർ 12 വരെ നീട്ടി.

### പരീക്ഷാ തീയതി

നാലാം വർഷ ബി.എസ്‌സി. എം.എൽ.ടി. (റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 30 മുതൽ ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ നവംബർ 12 വരെയും 500 രൂപ പിഴയോടെ 13 വരെയും 1000 രൂപ സൂപ്പർഫൈനോടെ 15 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

രണ്ടാം വർഷ ബി.പി.ടി. (റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 30ന് ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ നവംബർ 12 വരെയും 500 രൂപ പിഴയോടെ 13 വരെയും 1000 രൂപ സൂപ്പർഫൈനോടെ 15 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

### വൈവാവോസി

രണ്ടാം വർഷ എം.ഫാം പരീക്ഷയുടെ തീസിസ് ഇവാല്യുവേഷനും വൈവാവോസിക്കും പിഴയില്ലാതെ നവംബർ 15 വരെയും 500 രൂപ പിഴയോടെ 16 വരെയും 1000 രൂപ സൂപ്പർഫൈനോടെ 19 വരെയും അപേക്ഷിക്കാം.

അഫിലിയേറ്റഡ് കോളേജുകളിലെയും സീപാസിലേയും ആറാം സെമസ്റ്റർ എം.സി.എ. (2015 അഡ്മിഷൻ റഗുലർ/2011-2014 അഡ്മിഷൻ സപ്ലിമെന്ററി, 2016 അഡ്മിഷൻ റഗുലർ/2013-2015 അഡ്മിഷൻ സപ്ലിമെന്ററി ലാറ്ററൽ എൻട്രി) പരീക്ഷയുടെ പ്രൊജക്ട് മൂല്യനിർണയം, വൈവാവോസി എന്നിവയ്ക്ക് പിഴയില്ലാതെ നവംബർ 22 വരെയും, 500 രൂപ പിഴയോടെ 23 വരെയും 1000 രൂപ സൂപ്പർഫൈനോടെ 26 വരെയും അപേക്ഷിക്കാം. ആദ്യമായി പരീക്ഷയ്ക്ക് ഹാജരാകുന്നവർ പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് ഫീസായി 125 രൂപ പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

### പ്രൊജക്ട് ഫെല്ലോ, പ്രൊജക്ട് അസിസ്റ്റന്റ്, ടെക്നിക്കൽ അസിസ്റ്റന്റ് ഒഴിവ്

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഡി.എസ്.ടി. - പഴ്സ് പ്രോഗ്രാമിൽ വിവിധ പഠനവകുപ്പുകളിലായി പ്രൊജക്ട് ഫെല്ലോ, പ്രൊജക്ട് അസിസ്റ്റന്റ്, ടെക്നിക്കൽ അസിസ്റ്റന്റ് ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. സ്കൂൾ ഓഫ് ബയോസയൻസസിൽ പ്രൊജക്ട് അസിസ്റ്റന്റിന്റെ ഒരു ഒഴിവാണുള്ളത്. യോഗ്യത : ബി.കോം. വിത്ത് അക്കൗണ്ടിംങ്, കമ്പ്യൂട്ടർ, ടാക്സേഷൻ പരിജ്ഞാനം അഭികാമ്യം. മാസം 10000 രൂപ ലഭിക്കും. സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ പ്രൊജക്ട് ഫെല്ലോയുടെ ഒരു ഒഴിവാണുള്ളത്. യോഗ്യത: എം.എസ്‌സി. കെമിസ്ട്രി (ഏത് ബ്രാഞ്ചും), നെറ്റ്, ഗേറ്റ്

അഭികാമ്യം. മാസം 12000 രൂപ ലഭിക്കും. സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ ടെക്നിക്കൽ അസിസ്റ്റന്റിന്റെ രണ്ട് ഒഴിവാണുള്ളത്. യോഗ്യത: എം.എസ്‌സി. എൻവയോൺമെന്റൽ സയൻസ്/എൻവയോൺമെന്റൽ സയൻസ് ആന്റ് മാനേജ്മെന്റ്/ എൻവയോൺമെന്റൽ സയൻസ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്/കെമിസ്ട്രി. എൻവയോൺമെന്റൽ സാംമ്പിൾ എന്നിവയിലുള്ള അറിവും എൻവയോൺമെന്റൽ അനാലിസിസിനുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള പ്രവൃത്തിപരിചയവും അഭികാമ്യം. മാസം 10000 രൂപ ലഭിക്കും. keerthisureshbabu@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്ക് അപേക്ഷകൾ അയയ്ക്കാം. ബയോഡാറ്റ സഹിതം അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി: നവംബർ 22. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0481 - 2731035.

## എൽ.എൽ.ബി. മൂല്യനിർണയ ക്യാമ്പ്

മഹാത്മാ ഗാന്ധി സർവകലാശാലയുടെ കീഴിലുള്ള ലോ കോളേജുകളിലെ എൽ.എൽ.ബി. പരീക്ഷകളുടെ മൂല്യനിർണയ ക്യാമ്പ് നവംബർ 12 മുതൽ 17 വരെ നടക്കും. ലോ കോളേജുകളിലെ മുഴുവൻ അധ്യാപകരും ക്യാമ്പിൽ പങ്കെടുക്കണം. ക്യാമ്പ് നടക്കുന്ന ദിവസങ്ങളിൽ ലോ കോളേജുകളിൽ വിദ്യാർഥികൾക്ക് അവധിയായിരിക്കും.

## പരീക്ഷാഫലം

2018 ജൂലൈയിൽ നടന്ന ബി.ടെക് ഒന്ന്, രണ്ട്, നാല്, ആറ്, ഏഴ്, എട്ട് സെമസ്റ്റർ (പുതിയ സ്കീം) സ്പെഷൽ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

2018 മെയിൽ നടന്ന നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം (എം.സി.ജെ.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 19 വരെ അപേക്ഷിക്കാം.

## നിറങ്ങളെഴുതുന്ന ജൈവജീവനം;

## പെയിന്റിംഗ് പ്രദർശനത്തിന് തുടക്കം

മണ്ണും പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ജൈവബന്ധം നിറച്ചാർത്തുകളിലൂടെ വർണിക്കുന്ന പെയിന്റിംഗ് പ്രദർശനത്തിന് മഹാത്മാ ഗാന്ധി സർവകലാശാലയിൽ തുടക്കം. പ്രദർശനോദ്ഘാടനം സർവകലാശാല സെനറ്റ് ഹാളിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിച്ചു. സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ അധ്യക്ഷത വഹിച്ചു.

പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. ആർ. പ്രഗാഷ്, ഡോ. എ. ജോസ്, ഡോ. കെ. കൃഷ്ണദാസ്, ഡോ. റോയ് സാം ഡാനിയേൽ, ഡോ. എം.എസ്. മുരളി, പ്രൊഫ. വി.എസ്. പ്രവീൺകുമാർ, പ്രൊഫ. കെ. ജയചന്ദ്രൻ, പ്രൊഫ. കെ.എം. കൃഷ്ണൻ, പ്രൊഫ. സന്തോഷ് പി. തമ്പി, ഡോ. ആർ. അനിത, രജിസ്ട്രാർ എം.ആർ. ഉണ്ണി എന്നിവർ പങ്കെടുത്തു. എം.ജി. സർവകലാശാല നടപ്പാക്കിയ ജൈവം പദ്ധതിയുടെ ഭാഗമായി നടത്തിയ ആഗോള ജൈവസംഗമത്തിലെ പെയിന്റിംഗ് ശില്പശാലയിൽ തയ്യാറാക്കിയ ചിത്രങ്ങളാണ് പ്രദർശനത്തിനുള്ളത്. ദേശീയ സംസ്ഥാന പുരസ്കാരങ്ങൾ നേടിയ 20 കലാകാരന്മാർ മൂന്ന ദിവസത്തെ ശില്പശാലയിലൂടെ തയ്യാറാക്കിയ അക്രലിക് പെയിന്റിംഗുകളാണ് മുഖ്യ ആകർഷണം. ഏകദിന ശില്പശാലയിലൂടെ 20 കലാകാരന്മാർ തയ്യാറാക്കിയ ജലഛായാ ചിത്രങ്ങൾ ജൈവജീവനത്തിന്റെ പ്രാധാന്യം തുറന്നുകാട്ടുന്നു. പ്രദർശനം ഇന്ന് (നവംബർ 9) സമാപിക്കും.

## മഹാത്മാ ഗാന്ധി സർവകലാശാല പഠനവകുപ്പുകളിൽ

## ഇന്റേണൽ, എക്സ്റ്റേണൽ അനുപാതം 40:60 ആക്കും

- **പഠനവകുപ്പുകളിലെ കോഴ്സ് പ്രവേശന പരീക്ഷ ജനുവരിയിൽ**
- **രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ സെലക്ഷൻ കമ്മിറ്റിയായി**

മഹാത്മാ ഗാന്ധി സർവകലാശാല പഠനവകുപ്പുകളുടെ ഇന്റേണൽ, എക്സ്റ്റേണൽ അനുപാതം 40:60 ആക്കും. സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ അധ്യക്ഷതയിൽ സർവകലാശാല ആസ്ഥാനത്ത് നടന്ന സിൻഡിക്കേറ്റ് യോഗത്തിന്റേതാണ് തീരുമാനം. സർവകലാശാല പഠനവകുപ്പുകളിലെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനും പരീക്ഷ സമയബന്ധിതമായി നടത്തുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയോഗിച്ച കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം. ഡോ. ആർ. പ്രഗാഷ്, പ്രൊഫ. കെ. ജയചന്ദ്രൻ, പ്രൊഫ. കെ.എം. കൃഷ്ണൻ, ഡോ. അജി സി. പണിക്കർ എന്നിവരടങ്ങിയതായിരുന്നു കമ്മീഷൻ.

പഠനവകുപ്പുകളിലെ ഓഡ് സെമസ്റ്ററുകളുടെ പരീക്ഷ ഒക്ടോബർ/നവംബറിൽ നടത്തി ഫലം ഡിസംബറിൽ പ്രഖ്യാപിക്കും. ഈവൻ സെമസ്റ്ററുകളുടെ പരീക്ഷകൾ മാർച്ച്/ഏപ്രിലിൽ നടത്തി മെയ് 31നകം ഫലപ്രഖ്യാപനം നടത്താനാണ് തീരുമാനം. 2019-20 അധ്യയന വർഷത്തിൽ വിവിധ വകുപ്പുകളിലെ കോഴ്സുകളിൽ പ്രവേശനത്തിനുള്ള പരീക്ഷ ജനുവരിയിൽ നടത്താൻ തീരുമാനിച്ചു. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിവിധ കേന്ദ്രങ്ങളിലാണ് പ്രവേശന പരീക്ഷ നടക്കുക.

വിവിധ പഠനവകുപ്പുകളിൽ ഒഴിവുള്ള തസ്തികകളിൽ ടെണ്ടർ സ്കീം അനുസരിച്ച് കരാറടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കും. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ തെരഞ്ഞെടുപ്പിനുള്ള സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചു.

മൂല്യനിർണയത്തിൽ വീഴ്ച വരുത്തിയ അധ്യാപകർക്ക് 5000 രൂപ വീതം പിഴ ചുമത്താൻ തീരുമാനിച്ചു. വിദ്യാർഥികളുടെ ഇന്റേണൽ മാർക്ക് അപ്‌ലോഡ് ചെയ്യുന്നതിൽ വീഴ്ച വരുത്തിയ കോളേജുകൾക്ക് 25000 രൂപ പിഴ ചുമത്താനും സിൻഡിക്കേറ്റ് തീരുമാനിച്ചു.

**ഫോട്ടോ ക്യാപ്ഷൻ**

**ജൈവം പദ്ധതിയുടെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാല തയ്യാറാക്കിയ പെയിന്റിംഗുകളുടെ പ്രദർശനോദ്ഘാടനം സർവകലാശാല സെനറ്റ് ഹാളിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിക്കുന്നു**

## പെൻഷൻകാർക്ക് ലൈഫ് സർട്ടിഫിക്കറ്റ് നൽകാം ഓൺലൈനായി

മഹാത്മാ ഗാന്ധി സർവകലാശാല പെൻഷൻകാരുടെ ഈ വർഷത്തെ ലൈഫ് സർട്ടിഫിക്കറ്റ് ഓൺലൈനായി നവംബർ 24 വരെ സമർപ്പിക്കാം. www.jeevanpraman.gov.in എന്ന വെബ്സൈറ്റിലൂടെയാണ് സമർപ്പിക്കേണ്ടത്. ഓൺലൈനായി നൽകാൻ കഴിയാത്തവർ സർവകലാശാല വെബ്സൈറ്റിൽ നൽകിയിട്ടുള്ള നിശ്ചിത ഫോറം പൂരിപ്പിച്ച് ഗസറ്റഡ് ഉദ്യോഗസ്ഥരെക്കൊണ്ട് സാക്ഷ്യപ്പെടുത്തി നേരിട്ട് സമർപ്പിക്കണം. ജീവൻ പ്രമാൺ വെബ്സൈറ്റ് വഴി സമർപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ